ഉത്തരം

(എ) 2313·348 ഏക്കർ.

(ബി) ഉണ്ട്.

(സി) പുറംപോക്കു കൈവശം വച്ചിരിക്കുന്നവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ചോദ്യോത്തര സമയം കഴിഞ്ഞു)

## II. റൂളിംഗ്

### നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ നൽകുന്ന കാര്യത്തിൽ ലോകസഭയിലെ നടപടിക്രമം നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ഇന്നലെ ബഹുമാനപ്പെട്ട വയലാർ രവി ഉന്നയിച്ച ഒരു പോയിന്റ് ഓഫ് ഓർഡറിനെ കുറിച്ച് ചെയർ പരിശോധിക്കുകയുണ്ടായി. രണ്ടു നിർദ്ദേശങ്ങളാണ് ഇപ്പോൾ നമ്മുടെ മുമ്പിലുള്ളത്. ഒന്ന്, പാർലമെന്റ് സിസ്റ്റമനുസരിച്ച് ഈ ഉത്തരങ്ങളെല്ലാം മേശപ്പുറത്തു വെയ്ക്കുകയാണ് പതിവ്. വായിച്ചുകേട്ടാലാണ് നമ്മൾ ചോദ്യം അങ്ങോട്ടു ചോദിക്കുന്നത്. മേശപ്പുറത്തുവെച്ചാൽ മതിയെങ്കിൽ അതുചെയ്യാം. ചോദ്യം ചോദിക്കാൻ ബുദ്ധിമുട്ടാണ്. മേശപ്പുറത്തു വെയ്ക്കുന്ന സമ്പ്രദായം വേണമെങ്കിൽ നടപ്പിലാക്കാം.

ശ്രീ. എം. എം. ഹസ്സൻ: സർ, ചോദ്യവും ഉപചോദ്യവും ചോദിക്കത്തക്കവണ്ണം എല്ലാവരുടേയും മേശപ്പുറത്ത് ഉത്തരം കിട്ടുമോ? എല്ലാവർക്കും അതിന്റെ കോപ്പി ലഭ്യമല്ലെങ്കിൽ ചോദ്യം ചോദിക്കുന്നവർക്ക് മാത്രമല്ലേ ഉത്തരം കിട്ടുകയുള്ളൂ.

മി. സ്പീക്കർ: ഉത്തരങ്ങൾ ലൈബ്രറിയിൽ വെയ്ക്കുകയാണ് പാർലമെന്റിൽ ചെയ്യുന്ന നടപടിക്രമം. ശ്രീ. രവി പറഞ്ഞതനുസരിച്ചുള്ള രീതിയാണെങ്കിൽ അത് വായിച്ചുകൊണ്ടുവന്ന് ചോദ്യം ചോദിക്കണം. നമ്മൾ ഈ നടപടിതന്നെ തുടരാമെന്നു തീരുമാനിക്കുകയാണെങ്കിൽ നമ്മുടെ ശില്പശാലയുടെ തീരുമാനമനുസരിച്ച് ചോദ്യങ്ങൾ ക്ലബ് ചെയ്യണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. 50,53 ആളുകൾ ഒരേ വിഷയത്തെക്കുറിച്ച് ചോദിക്കുമ്പോൾ അതെല്ലാംകൂടി ക്ലബ് ചെയ്യും. ഉദാഹരണത്തിന് ജില്ലാകൗൺസിൽ തെരഞ്ഞെടുപ്പിന് പ്രതിപക്ഷത്തുനിന്നും ചോദിക്കുന്ന ചോദ്യവും ഭരണപക്ഷത്തുനിന്നു ചോദിക്കുന്ന ചോദ്യവും രണ്ടു സമീപനത്തോടുകൂടിയാണ് ചോദിക്കുന്നത്. ചോദ്യം ക്ലബ് ചെയ്യുമ്പോൾ രണ്ടുസമീപനവും ഈ ചോദ്യത്തിൽ വരും. സ്വാഭാവികമായി ചോദ്യം നീണ്ടുപോകും, ഉത്തരവും നീണ്ടുപോകും. ഇതുരണ്ടും ഈ സഭയുടെ തീരുമാനപ്രകാരം നടത്തുന്ന ഒരു നടപടിക്രമമാണ്. അതുകൊണ്ടാണ് രവി പറഞ്ഞകാര്യം ശരിയാണെങ്കിലും നമ്മുടെ ഇന്നത്തെ സാഹചര്യത്തിൽ കേരളനിയമസഭയിൽ നടപ്പിൽ വരുത്താൻ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്.

† അനുബന്ധം XXVIII

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. ഭരതൻ: ഇന്നത്തെ നടപടിക്രമം തുടരുക. അതിന് എന്തെങ്കിലും മാററം വേണമെങ്കിൽ ലീഡർമാരുടെ യോഗംകൂടിയിട്ടോ അതല്ലെങ്കിൽ ബിസ്നസ് അഡ്വൈസറി യോഗം ചേർന്നിട്ടോ തീരുമാനിച്ചാൽ മതി.

ശ്രീ. കെ. എം. മാണി: ഇതിനകത്ത് compromise formula ആണ് സ്വീകരിക്കേണ്ടത്. ശ്രീ. രവി പറഞ്ഞതിന്റെ സ്പിരിററ്, ഉത്തരം മേശപ്പുറത്തുവയ്ക്കുക എന്നതല്ല. വലിയ ആൻസർ ആണെങ്കിലും ഇവിടെ പറയണം. പക്ഷേ വളരെ ദീർഘമായ റിപ്പോർട്ടുകളും, വളരെ ദീർഘമായിട്ടുള്ള മറുപടികളും വായിച്ചു വായിച്ച് സമയം കളയരുത്. അങ്ങനെ ദീർഘമായ ഏതെങ്കിലും റിപ്പോർട്ടിനെ പരാമർശിക്കുകയാണെങ്കിൽ അത് മേശപ്പുറത്തുവയ്ക്കണം. ഓറൽ ആൻസർ തരണം. എന്നാൽ ഉത്തരങ്ങൾ വളരെ നീണ്ടു പ്രസംഗങ്ങളായി പോവരുത്. ഇവിടെ നടന്നതു മുഴുവൻ പ്രസംഗങ്ങളാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സർ, ചോദ്യം ചോദിക്കുന്നതിൽ അപാകത ഒരുപാട് ഇവിടെയുണ്ട്. ഇതുമാററുന്നതിന് Rules of Procedure-ൽ ആവശ്യമായ ഭേദഗതി ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു പരിശ്രമം അങ്ങ് എടുക്കുന്നത് നല്ലതല്ലേ? നമ്മുടെ ഈ സഭയിൽ Rules of Procedure സംബന്ധിച്ച് ഭേദഗതിയെടുക്കാനുള്ള സംവിധാനമുണ്ട്, ആ സംവിധാനമൊന്നു ശക്തമാക്കി നമ്മുടെ ഇന്നത്തെ Rules of Procedure-ലുള്ള അപാകതകൾ മാററുന്നതിന് അങ്ങ് മുൻകൈയ്യെടുക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

*Minister for Electricity and Rural Development* (**Shri T. Sivadasa Menon**): A question which warrants an elaborate answer അത് allowable ആണോ?

Rules of Procedure അനുസരിച്ച് a question which contains inferences or insinuations or which warrants an elaborate answer പാടുണ്ടോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): സർ, ഇപ്പോൾതന്നെ ആൻസർ ചെയ്യുന്നതിൽ ഇലാബ്രേററായിട്ടുള്ള ഭാഗം മേശപ്പുറത്തുവെയ്ക്കുകയാണ് ചെയ്യുന്നത്. ഉദാഹരണത്തിന് 10 വർഷത്തെ കണക്കുകൾ കൂടി വെയ്ക്കുകയെന്നു പറഞ്ഞാൽ ആ ഭാഗം മേശപ്പുറത്തുവെയ്ക്കുന്നു എന്നാണ്. ബാക്കി ഷോർട്ടായിട്ടുള്ളതുമാത്രം ആൻസർ ചെയ്യുക. അതാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ: ഏതായാലും ബഹുമാനപ്പെട്ട മെമ്പർമാരുടെ അഭിപ്രായത്തെ പരിഗണിച്ച് ഇതു വിവിധകക്ഷിനേതാക്കളുമായി ആലോചിച്ച് പ്രായോഗികമായ ഒരു നിർദ്ദേശം എത്രയും അടുത്ത സമ്മേളനത്തിനുമുമ്പ് കണ്ടുപിടിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly